# പാഠം 1

അക്ഷരപഠനം നാം ഉദ്ദേശിക്കുന്നില്ല. അതിനാൽ തന്നെ കാര്യമായ ശ്രദ്ധ ആവശ്യമാണ്. അറബി പഠിക്കുന്നതിനായി നാം തിരഞ്ഞെടുക്കുന്ന വാക്കുകളുടെ മലയാളത്തെ ആദ്യം നന്നായി ഹൃദിസ്ഥമാക്കുക. ഭാഷയിലെ ആദ്യത്തെ അക്ഷരം അ ആയതിനാൽ അറബിയിൽ 'അ' തുടങ്ങുന്ന ഏതാനും വാക്കുകളാണ് നാം പഠിക്കുന്നത്. അവ: അഛൻ, സഹോദരൻ, ഭൂമി, വേദന, ഒന്നാമത്തെ, എവിടെ, ഏറ്റവും വലിയ, ഇന്നലെ തുടങ്ങിയ മലയാള വാക്കുകളുടെ അറബിയാകുന്നു.. ഈ മലയാളവാക്കുകൾ നമുക്ക് അപരിചിതമല്ല.

അഛൻ എന്നാണ് നാം ആദ്യം സൂചിപ്പിച്ചത്. അഛൻ ആരാണെന്ന് അറിയാത്തവരായി ആരും കാണില്ല. ഈ പദത്തിന് അറബിയിൽ **അബ്** എന്നോ അബുൻ എന്നോ പറയുന്നു. സൗകര്യത്തിന് അബ് എന്നു പഠിക്കുക. അബ് എന്നാൽ അഛൻ. ആദ്യം അബ് എന്ന പദത്തെ അതിന്റെ അർഥത്തോടുകൂടി പല തവണ പറഞ്ഞു ശീലിക്കുക. നാവിനും മനസ്സിനും അത് വശമായാൽ അത് എഴുതാൻ പരിശീലിക്കുക. അറബി വലത്തുനിന്നും ഇടത്തോട്ട് എഴുതുന്നതിനാൽ മലയാളവും അങ്ങനെയാണ് ഇവിടെ എഴുതുന്നത്. അതിന്റെ രൂപം ഇങ്ങനെ: (1, 2, 3 എന്നിങ്ങനെ നമ്പറുകൾ യഥാക്രമം പാലിക്കുക.) പാഠങ്ങൾക്ക് ശേഷം എഴുതുന്ന രീതി കൊടുത്തിട്ടുണ്ട്. അവ പരിശോധിക്കുക.

(ഓരോ അക്ഷരവും എഴുതുന്ന രീതി പാഠത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്.)



| | | 3 | 2 | 1 |
|---|---|---|---|---|
| اَبْ ← | അബ് اَبْ | اَبْ | بْ | اَ |
| എഴുതുന്ന രൂപം | അഛൻ | അബ് | ബ് | അ |

ഇത് കാണാതെ എഴുതാൻ പഠിച്ചെന്ന് ഉറപ്പായാൽ ഒരു കഷണം കടലാസിൽ കാണാതെ അബ് എന്ന് എഴുതുക. അതിന് ശേഷമേ അടുത്ത വാക്കിലേക്ക് പ്രവേശിക്കാവൂ.

---

അടുത്ത വാക്ക് സഹോദരൻ എന്നാകുന്നു. അതും നമുക്ക് പരിചയമുള്ള വാക്കാകുന്നു. അറബിയിൽ അതിന് **അഖ്** എന്നു പറയുന്നു. അഖ് എന്നാൽ സഹോദരൻ. ഈ വാക്കും പല തവണ ആവർത്തിച്ചു പറയുക. ഖ എന്ന അക്ഷരം ഉച്ചരിക്കുന്നതിന് ഒരു നിയമമുണ്ട്. അത് താഴെ:

**<u>നിയമം:</u>** ഖ എന്ന അക്ഷരം ഉച്ചരിക്കേണ്ടത് വല്ലതും കാർക്കിച്ചെടുക്കുന്ന സ്വരത്തിലാകുന്നു. മലയാളത്തിലെ കയോ ഖയോ അല്ല. ഈ പദത്തെ പല തവണ പറഞ്ഞു ശീലിക്കുക. അത് മനസ്സിൽ ഉറച്ചാൽ എഴുതാൻ തുടങ്ങുക. അതെഴുതുന്ന രൂപം:



| | | 3 | 2 | 1 |
|---|---|---|---|---|
| → اَخْ | അഖ് اَخْ | اَخْ | خْ | اَ |
| എഴുതുന്ന രൂപം | സഹോദരൻ | അഖ് | ഖ് | അ |

ഖ എന്ന അക്ഷരം ആരോ മാർക്ക് ഇട്ട ഭാഗം മുതൽ എഴുതി തുടങ്ങുക.

---

ഇനി നമുക്ക് ഭൂമിയുടെ കാര്യം നോക്കാം. നാം ജീവിക്കുന്ന ഈ ഭൂമിക്ക് ആ പേർ തന്നെയാണ് പറയാറുള്ളത്. അത് മലയാളത്തിൽ. അറബിയിൽ ഭൂമി എന്നു പറയില്ല. അവിടെ **അർദ്** അല്ലെങ്കിൽ അർള് എന്നാണ് പറയുക. അർദ് എന്നാൽ ഭൂമിയെന്നർഥം. ഈ വാക്കും പല തവണ ആവർത്തിച്ചു പറഞ്ഞു ശീലിക്കുക. അർദ് എന്ന വാക്ക് അതിന്റെ അർഥത്തോടെ മനസ്സിലായാൽ മാത്രമേ എഴുതാൻ തുടങ്ങാവൂ.




| | | 3 | 2 | 1 |
|---|---|---|---|---|
| اَرْض | അർദ് اَرْض | ض | رْ | اَ |
| എഴുതുന്ന രൂപം | ഭൂമി | ദ് | ർ | അ |

**നിയമം:** അർദിലെ ദ എന്ന അക്ഷരം നാവ് മേലെ അണ്ണാക്കിൽ അമർത്തി വെച്ചടുത്തുകൊണ്ട് ഉച്ചരിക്കുക.

ദ എന്ന അക്ഷരം ആരോമാർക്ക് ഇട്ട ഭാഗം മുതൽ എഴുതി തുടങ്ങുക. പഠിച്ചെന്ന് ഉറപ്പായതിന് ശേഷമേ അടുത്ത വാക്കിലേക്ക് പ്രവേശിക്കാവൂ. കാണാതെ ഒരു കടലാസിൽ എഴുതി പഠിച്ചെന്ന് ഉറപ്പ് വരുത്തുക.

അൽ എന്ന വാക്ക് ശ്രദ്ധിക്കുക. അതിന് പ്രത്യേക അർഥമൊന്നുമില്ല. എന്നാൽ അറബിഭാഷയിൽ അതിന് ഏറെ പ്രാധാന്യമുണ്ട്. ഇംഗ്ലീഷിൽ ദെ എന്നതിന്റെ സ്ഥാനത്താണ് അറബിയിൽ അൽ നില കൊള്ളുന്നത്. അൽ എന്ന വാക്ക് പ്രത്യേകം ഓർമിക്കണം. അത് വിശേഷാൽ സൂചകപ്രത്യയ മാകുന്നു.

| | | | |
|---|---|---|---|
|  | അൽ اَل | لْ | اَ |
| എഴുതുന്ന രൂപം | | ൽ | അ |

ഈ പാഠത്തിലൂടെ നാം അഞ്ച് അറബിവാക്കുകൾ പഠിച്ചു. അവ:

| | | | | | |
|---|---|---|---|---|---|
| ض | ر | خ | ب | ل | ا |
| ദ | റ | ഖ | ബ | ല | അ |

ഇവ നന്നായി പഠിച്ചതിനു ശേഷം അടുത്ത പാഠത്തിലേക്ക് പോവുക.
ഇതുവരെ പഠിച്ച അക്ഷരങ്ങൾ എഴുതുന്ന രീതി:



പരിശീലനം:

എല്ലാ വാക്കുകളും ഒരു കടലാസിൽ കാണാതെ എഴുതുക.